"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഐ&പി.ആർ.ഡി- കേരള മീഡിയ അക്കാഡമിയ്ക്ക് 2023-24 സാമ്പത്തിക വർഷത്തെ പദ്ധതിയേതര വിഹിതത്തിന്റെ **ആറാം** ഗഡുവായി **10 ലക്ഷം** രൂപ അനുവദിച്ച് - ഉത്തരവാകുന്നു.

---

**ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് (എ) വകുപ്പ്**

സ.ഉ.(സാധാ) നം.8/2024/I&PRD തീയതി,തിരുവനന്തപുരം, 07-02-2024

---

പരാമർശം:-

1. 12.05.2023 ലെ സ.ഉ.(സാധാ)നം.43/2023/ ഐ&പിആർ
2. 21.07.2023 ലെ സ.ഉ.(സാധാ)നം.72/2023/ ഐ&പിആർ
3. 23.08.2023 ലെ സ.ഉ.(സാധാ)നം.88/2023/ഐ&പിആർ
4. 26.10.2023 ലെ സ.ഉ.(സാധാ)നം.100/2023/ഐ&പിആർ
5. 06.12.2023 ലെ സ.ഉ.(സാധാ)നം.115/2023/ഐ&പിആർ
6. 05.01.2024 ലെ കേരള മീഡിയ അക്കാദമി സെക്രട്ടറിയുടെ 90/എ/23/കെ.എം.എ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരള മീഡിയ അക്കാദിമിയിലെ സ്ഥിരം, അന്യത്രസേവനം, കരാർ, താത്ക്കാലികം എന്നീ വിഭാഗങ്ങളിലെ ജീവനക്കാരുടെ ശമ്പളവും, പെൻഷണർമാരുടെ പെൻഷനും വിരമിച്ച ജീവനക്കാരുടെ കുടിശ്ശികകളും നൽകുന്നതിനായി "നോൺ-പ്ലാൻ" 2220 -60 -800 -98 -31 (NP) " (ശമ്പളം) ' ഇനത്തിൽ അക്കാദമിക്ക് അടിയന്തരമായി 62,56,000/-രൂപ (അറുപത്തിരണ്ട് ലക്ഷത്തി അമ്പത്തിയാറായിരം രൂപ മാത്രം) അനുവദിക്കണമെന്ന് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഉൾപ്പെടെ അക്കാദമി സെക്രട്ടറി അഭ്യർത്ഥിച്ചിരിക്കുന്നു.

പരാമർശം (1) പ്രകാരം പദ്ധതിയേതര വിഹിതത്തിന്റെ ഒന്നാം ഗഡുവായി 16 ലക്ഷം രൂപയും പരാമർശം (2) പ്രകാരം 10 ലക്ഷം രൂപയും പരാമർശം (3) പ്രകാരം 5.90 ലക്ഷം രൂപയും പരാമർശം (4) പ്രകാരം 12 ലക്ഷം രൂപയും പരാമർശം (5) പ്രകാരം 15 ലക്ഷം രൂപയുമുൾപ്പെടെ ആകെ **58.90ലക്ഷം രൂപ** 2023-24 സാമ്പത്തിക വർഷം കേരള മീഡിയ അക്കാദമിക്ക് അനുവദിച്ചു നല്കിയിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു കേരള മീഡിയ അക്കാദമിക്ക് 2023-24 സാമ്പത്തിക വർഷത്തെ **2220-60-800-98-31(NP)-Grant in aid-Salary-** ശീർഷകത്തിലെ ബജറ്റ് വിഹിതത്തിൽ നിന്ന് **ആറാം** ഗഡുവായി **10 ലക്ഷം** രൂപ ചുവടെ പറയുന്ന ഫണ്ട് റിലീസ് വ്യവസ്ഥകൾക്ക് വിധേയമായി കേരള മീഡിയ അക്കാദമിയുടെ STSB അക്കൗണ്ടിൽ (A/c. No. 799011400006155) അനുവദിച്ച് ഉത്തരവാകുന്നു.

1) 16/04/2018-ലെ സ ഉ (പി) 62/18 ധനയിലെ വ്യവസ്ഥക്ക് വിധേയമായി ടി തുക ട്രഷറിയിലെ STSB അക്കൗണ്ടിൽ (non interest bearing ) മാത്രമേ നിക്ഷേപിക്കാൻ

പാട്ടുള്ളൂ.

2) 9/12/08-ലെ സർക്കുലർ നം.84/8/ധന- ലെയും 30/01/18-ലെ സർക്കുലർ നം. 08/18/ധന-ലെയും വ്യവസ്ഥകൾ കൃത്യമായി പാലിക്കേണ്ടതാണ്.
3) അനുവദിച്ച തുകയുടെ വിശദമായ ചെലവ് പത്രികയും 09.01.2020-ലെ സ ഉ (കൈ) നം. 04/2020/ധന പ്രകാരമുള്ള ധന വിനിയോഗ സർട്ടിഫിക്കറ്റും തുടർന്നുള്ള റിലീസിന് മുൻപ് ധന വകുപ്പിന് സമർപ്പിക്കേണ്ടതാണ്. കൂടാതെ, 11.09.2020-ലെ സ.ഉ.(കൈ) നം. 93/2020/ധന തീയതി പ്രകാരം ഓഡിറ്റ് ചാർജ്ജ് കുടിശ്ശികയില്ലെന്ന സാക്ഷ്യ പത്രം കൂടെ സമർപ്പിക്കേണ്ടതാണ്.
4) വർഷാവസാനം വിനിയോഗിക്കുവാൻ സാധിക്കാതെ വരുന്ന തുക സർക്കാർ അക്കൗണ്ടിലേയ്ക്ക് തിരിച്ചടക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ശ്യാം വി**

**ഡെപ്യൂട്ടി സെക്രട്ടറി**

സെക്രട്ടറി, കേരളാ മീഡിയ അക്കാഡമി, കാക്കനാട്, കൊച്ചി.

ധനകാര്യ (പി.യു.സി) വകുപ്പ് (05/02/2024ലെ 2422680/ PU-C4/35/2023-FIN കുറിപ്പ് )

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് (ബി) വകുപ്പ് (3 copies).

ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ/പ്ലാനിംഗ്)

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), തിരുവനന്തപുരം

കരുതൽ ശേഖരം/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Bindu Chandran R

Date: 07-02-2024 16:35:15